D1/1461/2020/സി.റ്റി.ഇ

സാങ്കേതിക പരീക്ഷാ കൺട്രോളറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി. 23.09.2020.

# സർക്കുലർ

വിഷയം:- ഡിപ്ലോമ പരീക്ഷ പുനർമൂല്യ നിർണയം – ഫീസ് സ്പഷ്ടീകരണം സംബന്ധിച്ച്.

സൂചന :- 1. 2020 ഏപ്രിൽ പരീക്ഷാഫലം.
2. ഇതേ നമ്പറിലുള്ള 22.09.2020 സർക്കുലർ

2020 ഏപ്രിൽ ഡിപ്ലോമ പരീക്ഷയുടെ ഫലം 18.09.2020 ന് പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പരീക്ഷാപേപ്പറുകളുടെ പുന:പരിശോധന സംബന്ധിച്ച നിർദ്ദേശങ്ങൾ പരീക്ഷാ ഫല പ്രഖ്യാപന അറിയിപ്പിൽ ഉൾക്കൊള്ളിച്ചിരുന്നു. ഇതിൻ പ്രകാരം 25.10.2020 വരെ അതാത് സ്ഥാപനങ്ങിൽ നിശ്ചിത ഫീസൊടുക്കി വിദ്യാർത്ഥികൾക്ക് പുന:പരിശോധന അപേക്ഷ നൽകുവാൻ അനുവാദം നൽകിയിട്ടുണ്ട്.

കോവിഡ് 19 പശ്ചാത്തലത്തിൽ നിലനിൽക്കുന്ന യാത്രാ ബുദ്ധിമുട്ടുകൾ മൂലം സ്ഥാപനങ്ങളിൽ നിന്നും വിദൂര സ്ഥലങ്ങളിൽ താമസിക്കുന്ന വിദ്യാർത്ഥികൾ സ്ഥാപനത്തിൽ നേരിട്ടെത്തി പണം ഒടുക്കുന്നതിനുള്ള പ്രയാസങ്ങൾ അറിയിച്ച സാഹചര്യത്തിൽ അപ്രകാരമുള്ള വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം സംസ്ഥാനത്തുള്ള ഏതെങ്കിലും ട്രഷറിയിൽ 0202-02-800-94-OR പണം ഒടുക്കി, ഇതു സംബന്ധിച്ച രേഖകൾ യുക്തമായ മാർഗ്ഗത്തിൽ ബന്ധപ്പെട്ട പ്രിൻസിപ്പാളിനെ ഏൽപ്പിച്ചാൽ അത്തരം അപേക്ഷകൾ പരിഗണിച്ച് വേണ്ട നടപടികൾ സ്വീകരിക്കുവാൻ സൂചന 2 പ്രകാരം പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകിയിരുന്നു.

ഇതു സംബന്ധിച്ച് താഴെപറയുന്ന പ്രകാരം വ്യക്തത വരുത്തുന്നു.

1. റീവാല്യുവേഷൻ ഫീസ് ഒടുക്കുന്നതു സംബന്ധിച്ച് നിലവിലെ രീതിയിൽ സ്ഥാപനങ്ങളിൽ ഫീസ് അടക്കുക തന്നെയാണ് പ്രഥമ മാർഗ്ഗം. ഇപ്രകാരം അടക്കപ്പെടുന്ന തുക നിലവിലെ രീതിയിൽ തന്നെ Treasury Special TSB യിൽ അടക്കേണ്ടതാണ്.
2. ഏതെങ്കിലും ട്രഷറിയിൽ ഫീസ് ഒടുക്കുക എന്ന സൗകര്യം, നിലവിലെ കോവിഡ് 19 പ്രത്യേക സാഹചര്യത്തിൽ വിദൂര സ്ഥലങ്ങളിൽ ഉള്ള വിദ്യാർത്ഥികൾക്ക് ഒരുക്കുന്ന ഒരു പ്രത്യേക സൗകര്യം മാത്രമാണ്. ഇത് ഒരു പൊതു മാർഗ്ഗമായി കരുതേണ്ടതില്ല.
3. റീവാല്യുവേഷൻ ഫലപ്രഖ്യാപന സമയത്ത് റീഫണ്ടിന് അർഹരായ വിദ്യാർത്ഥികൾക്ക്, സ്ഥാപനത്തിൽ അഥവാ ട്രഷറിയിൽ ഫീസ് ഒടുക്കി എന്ന വ്യത്യാസമില്ലാതെ Special TSB യിൽ നിലനിൽക്കുന്ന ഫണ്ടിൽനിന്നും റീഫണ്ട് നൽകാവുന്നതാണ്.
4. മുകളിൽ പറഞ്ഞ ക്രമീകരണങ്ങൾ കോവിഡ് 19 പശ്ചാത്തലത്തിൽ ഏപ്രിൽ 2020 റീവാല്യുവേഷന് മാത്രം ബാധകമായിരിക്കും.

ജോയിന്റ് കൺട്രോളർ

To,

സർക്കാർ, എയ്ഡഡ്, സ്വാശ്രയ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പാൾമാർക്ക്